26
2025
ഏപ്രിൽ
ശനി
മേടം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.126 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-126 | പേജ് 4. വില 2.00 രൂപ




02 നിയന്ത്രണരേഖയിൽ പാക് വെടിവയ്പ്പ്; ശക്തമായി തിരിച്ചടിച്ച് ഇന്ത്യൻ സൈന്യം
03 ആക്രമണം നടത്തിയവർ സ്വാതന്ത്ര്യ സമര സേനാനികൾ; പാക് മന്ത്രി
04 പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ ലക്ഷ്യം കണ്ടു: മുഖ്യമന്ത്രി പിണറായി വിജയൻ

# മുതലപ്പൊഴിയിൽ പൊഴി മുറിച്ചു



തിരുവനന്തപുരം: ഇന്നലെ പകൽ 3.30 ഓടെ മുതലപ്പൊഴിയിൽ പൊഴി മുറിച്ചു വെള്ളം കടലിലേക്ക് ഒഴുക്കി. ആഴ്ചകളോളമായി പൊഴിയിൽ മണൽത്തിട്ട രൂപപ്പെട്ട കായലിൽ നിന്ന് വെള്ളം കടലിൽ പോകാൻ സാധിക്കാതെ കെട്ടിക്കിടന്നത് കാരണം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറാനും കാരണമായി. 13 മീറ്റർ വീതിയിലും 3 മീറ്റർ ആഴത്തിലുമാണ് മണൽതിട്ട മുറിച്ച് കായലും കടലുമായുള്ള ഒഴുക്ക് സുഗമമാക്കിയത്. അഴിക്കൽ തുറമുഖത്തു നിന്നും പുറപ്പെട്ട മാരിടൈം ബോർഡിന്റെ ശേഷി കൂടിയ ഡ്രഡ്ജർ ചന്ദ്രഗിരി മുതലപ്പൊഴിയിൽ വെള്ളിയാഴ്ച പുലർച്ചെ 5.30ഓടെ എത്തിച്ചേർന്നു. തിങ്കളാഴ്ച തിരിച്ച ഡ്രഡ്ജർ അഞ്ചാം ദിവസമാണ് മുതലപ്പൊഴിയിലെത്തിയത്.

അഴീക്കലിൽനിന്നു സമുദ്രം വഴി പുറപ്പെട്ട മാരിടൈം ബോർഡിന്റെ ഡ്രഡ്ജറായ ചന്ദ്രഗിരി കോഴിക്കോട് കഴിഞ്ഞിട്ടുണ്ട്. ഈയാഴ്ച അവസാനത്തോടെ മുതലപ്പൊഴിയിലെത്തും. ഒരാഴ്ചയിലേറെയായി പൊഴി അടഞ്ഞുകിടന്നതോടെ അഞ്ചുതെങ്ങ് വക്കം, കടയ്ക്കാവൂർ തുടങ്ങിയ പഞ്ചായത്തുകളിലെ കായലോര പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്.

130 മീറ്റർ നീളത്തിലും 70 മീറ്റർ വീതിയിലും 10 മീറ്റർ ആഴത്തിലുമാണ് മണൽ അടിഞ്ഞിട്ടുള്ളത്. ഹിറ്റാച്ചികളും ഡ്രഡ്ജ റും ഉപയോഗിച്ച് കാലവർഷത്തിന് മുൻപ് മുഴുവൻ മണലും നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 2021 ന് ശേഷം ചാനലിലെ മണൽ നീക്കി ആഴംകൂട്ടുന്ന പ്രവൃത്തികളിൽ നിന്ന് അഡാനി തുറമുഖ കമ്പനി പിൻമാറിയതും പ്രതിസന്ധിയ്ക്ക് കാരണമായി. വി ശശി എംഎൽഎ യുടെ നേതൃത്വത്തിൽ ഹാർബർ വിഭാഗം ചീഫ് എഞ്ചിനീയർ മുഹമ്മദ് അൻസാരി, സൂപ്രണ്ടിംങ് എഞ്ചിനീയർ കുഞ്ഞിമമ്മു പറവത്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ ജി എസ് അനിൽ കുമാർ, അസിഡന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അരുൺ മാത്യൂ എന്നിവർ മുതലപ്പൊഴിയിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി.

2002ലാണ് മുതലപ്പൊഴി ഹാർബർ നിർമാണം തുടങ്ങിയത്.

അന്നത്തെ ഡിസൈനിൽ പ്രശ്നങ്ങളുണ്ടായതോടെ തീരശോഷണവും വെള്ളക്കെട്ടും അനുഭവപ്പെട്ടു. ഇതോടെയാണ് ഹാർബറിനകത്ത് മണലടിയാൻ തുടങ്ങിയത്. 2011 ലെ സി. ഡബ്ല്യു. പി. ആർ. എസിന്റെ പഠനത്തിലാണ് ചെന്നൈ ഐ. ഐ. ടിയുടെ ഡിസൈനിൽ പ്രശ്നം ഉണ്ടായതായി കണ്ടെത്തിയത്. 2007ൽ മണൽ കയറിയതിനെ തുടർന്ന് ഹാർബർ നിർമാണം പൂർണമായും നിർത്തിവെച്ചിരുന്നു. പഠനം നടത്തിയവരെല്ലാം മുതലപ്പൊഴി ഹാർബറിൽ മണൽ കയറുമെന്ന് മുന്നറിയിപ്പുനൽകിയിരുന്നു. ഹാർബറിൽ മണൽ അടിയുന്നതും, തിര ഇടിഞ്ഞ് അപകടം സംഭവിക്കുന്നതും ഹാർബറിന്റെ വടക്കുഭാഗത്ത് തീരശോഷണം ഉണ്ടാവുന്നതും നിർമാണത്തിലെ അപാകത കൊണ്ടാണെന്ന് 2011ലെ സി. ഡബ്ല്യു. പി. ആർഎസിന്റെ പഠനങ്ങളിൽ പറയുന്നുണ്ട്. ഹാർബറിൽ എല്ലാ വർഷവും മൺസൂണിനു മുമ്പ് ഡ്രഡ്ജിങ് നടത്തി മണലെടുക്കണമെന്നാണ് 2011ലെ പഠനത്തിൽ മുതലപ്പൊഴിയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി പറയുന്നത്. ഏപ്രിൽ മേയ് മാസങ്ങളിൽ ഡ്രഡ്ജിങ് നടത്തി ബോട്ടുകൾക്ക് കടലിൽ പോകാൻ പറ്റുന്ന തരത്തിൽ മണലെടുക്കണമെന്ന് പറയുമ്പോഴും ഇത് കൃത്യമായി ചെയ്യാൻ ഇതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല.

2011ലെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴിയെ ബാധിക്കുന്ന പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും സി. ഡബ്ല്യു. പി. ആർ. എസ് പറഞ്ഞിട്ടും കൃത്യമായി അത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ പരിണിതഫലമാണ് മത്സ്യത്തൊഴിലാളികൾ ഇപ്പോഴും അനുഭവിക്കുന്നത്.



# ലൈഫ് ഗാർഡുകളെ നിയമിക്കണം

തിരുവനന്തപുരം: ജില്ലയുടെ കടലോരത്ത് വിനോദ സഞ്ചാരികൾ ധാരാളം വരുന്ന മേഖലകളിൽ അപകടങ്ങൾ ഉണ്ടാകാൻ സാധ്യത ഉള്ളതുകൊണ്ട് ലൈഫ് ഗാർഡുകളെ നിയമിക്കണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി സ്റ്റെല്ലസ്.

ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കടൽ തീരങ്ങളിൽ ഒന്നായ വെട്ടുകാട്, തുമ്പ, കടൽത്തീരങ്ങളിൽ വിനോദസഞ്ചാരികൾ ധാരാളമായി എത്തിച്ചേരുകയാണ് അവർക്ക് സുരക്ഷിതത്വം നൽകാൻ ആവശ്യത്തിനു ലൈഫ് ഗാർഡുകളെ ടൂറിസ്റ്റുകൾ വരുന്ന മേഖലകളിൽ അപകടങ്ങൾ ഒഴിവാക്കണമെങ്കിൽ ലൈഫ് ഗാർഡുകൾ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. അപകടത്തിൽപ്പെടുപ്പോൾ യഥാസമയത്ത് രക്ഷ പ്രവർത്തനവും ആവശ്യമായ ചികിത്സ സഹായം നൽകുന്നതിനും കഴിയാത്ത സാഹചര്യമാണ് രണ്ട് തീര മേഖലകളിൽ നിലവിലുള്ളത്. ലൈഫ് ഗാർഡുകളുടെ അഭാവം തുടർന്നാൽ അപകടങ്ങൾക്കും ജീവനെടുക്കുന്നതിനും കാരണമാകുകയും ചെയ്യുീ. ഇത്തരം മേഖലകളിൽ സർക്കാർ അടിയന്തരമായി ലൈഫ് ഗാർഡുകളെ നിയമിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി സ്റ്റെല്ലസ് ആവശ്യപ്പെട്ടു.

# ഇസ്രോ മുൻ ചെയർമാൻ ഡോ. കെ. കസ്തൂരിരംഗൻ അന്തരിച്ചു



ബംഗളൂരു: ഇസ്രോ മുൻ ചെയർമാൻ ഡോ. കെ. കസ്തൂരിരംഗൻ(84) അന്തരിച്ചു. ബംഗളൂരുവിലെ വസതിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം.

1994 മുതൽ 2003 വരെ ഒന്പത് വർഷം ഇസ്രോയുടെ മേധാവിയായിരുന്നു. രാജ്യത്തിന്റെ ബഹിരാകാശ മേഖലയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകിയ മലയാളിയാണ് അദ്ദേഹം. ഇന്ത്യയുടെ ആദ്യത്തെ ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളായ ഭാസ്കര-1,ഭാസ്കര-2 എന്നിവയുടെ പ്രൊജക്ട് ഡയറലായും സേവനമനുഷ്ഠിച്ചു. പിഎസ്എൽവി, ജിഎസ്എൽവി വിക്ഷേപണങ്ങൾ പോലുള്ള പ്രധാന നാഴികക്കല്ലുകൾക്കും നേതൃത്വം നൽകി.

പിന്നീട് 2003 മുതൽ 2009 വരെ രാജ്യസഭാ എംപിയായി. ഇന്ത്യയുടെ പ്ലാനിംഗ് കമ്മീഷൻ അംഗം, ഇസ്രോ സാറ്റലൈറ്റ് സെൻറർ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റു സർവകലാശാല ചാൻസിലർ, കർണാടക നോളജ് കമ്മിഷൻ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

പശ്ചിമഘട്ട സംരക്ഷണം മുൻനിർത്തി കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരം കസ്തൂരിരംഗന്റെ നേതൃത്തിൽ തയാറാക്കിയ റിപ്പോർട്ട് ഏറെ ചർച്ചകൾക്ക് വഴിവച്ചിരുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിലെ പരിഷ്കാരങ്ങൾക്ക് ചുക്കാൻ പിടിച്ചതും അദ്ദേഹമായിരുന്നു. രാജ്യം പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചു.

# ഐടി പാർക്കുകളിൽ മദ്യം വിൽക്കാൻ അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് ഐടി പാർക്കുകളിൽ മദ്യം വിൽക്കാൻ അനുമതി നൽകി സർക്കാർ. മദ്യം വിൽക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങി.

സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഐടി പാർക്കുകൾക്കും സ്വകാര്യ ഐടി പാർക്കുകൾക്കും ലൈസൻസിന് അപേക്ഷിക്കാം. ഐടി കമ്പനികളിലെ ഔദ്യോഗിക സന്ദർശകർക്കും അതിഥികൾക്കുമാണ് മദ്യം വിൽക്കാവുന്നത്.

ഒരു സ്ഥാപനത്തിന് ഒരു ലൈസൻസ് മാത്രമേ നൽകൂ. വാർഷിക ലൈസൻസ് ഫീ 10 ലക്ഷം രൂപയാണ്. ലൈസൻസ് ലഭിക്കുന്ന കമ്പനികൾ എഫ്എൽ 9 ലൈസൻസുള്ളവരിൽ നിന്ന് മാത്രമേ വിദേശമദ്യം വാങ്ങാൻ പാടുള്ളൂ. ഒന്നാം തീയതിയും സർക്കാർ നിശ്ചയിച്ച മറ്റ് ഡ്രൈഡേകളിലും മദ്യം നൽകരുത്. ഉച്ചയ്ക്ക് 12 മുതൽ രാത്രി 12 വരെയായിരിക്കും പ്രവർത്തന സമയം.

ഒട്ടനവധി സ്ഥാപനങ്ങളുണ്ടെങ്കിലും ഒരു ലൈസൻസ് മാത്രമേ നൽകൂ. കമ്പനികളോട് ചേർന്ന് തന്നെയാകും മദ്യശാലകൾ. പക്ഷെ ഓഫീസുകളുമായി ബന്ധമുണ്ടാകില്ല. ഇവിടേക്ക് പ്രത്യേക വഴികളുണ്ടായിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഐടി പാർക്കുകളിലെ കമ്പനികളിലെ ജീവനക്കാർക്കും ഇവിടെയെത്തുന്ന സന്ദർശകർക്കുമാണ് ഈ മദ്യശാലകളിൽ നിന്ന് മദ്യം ലഭിക്കുക.

പുറത്തുനിന്നുള്ള ആർക്കും മദ്യം വിൽക്കരുതെന്നതാണ് ചട്ടം. ഗുണമേന്മയില്ലാത്ത മദ്യം വിൽക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് തുല്യമായ തസ്തികയിലുള്ള ഉദ്യോഗസ്ഥന് നടപടിയെടുക്കാമെന്നും പിഴയീടാക്കാമെന്നും സർക്കാർ ഉത്തരവിൽ പറയുന്നു.

## ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും

ന്യൂഡൽഹി: കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

'ഏപ്രിൽ 25,26 തീയതികളിൽ രാഷ്ട്രപതി ദ്രൗപതി മുർമു വത്തിക്കാൻ സിറ്റി സന്ദർശിക്കുകയും ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും ഇന്ത്യയിലെ സർക്കാരിനും ജനങ്ങൾക്കും വേണ്ടി അനുശോചനം അറിയിക്കുകയും ചെയ്യും. '- വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾ കാരുണ്യത്തിന്റെയും വിനയത്തിന്റെയും ആത്മീയ ധൈര്യത്തിന്റെയും ദീപസ്തംഭമായി ഫ്രാൻസിസ് മാർപാപ്പയെ ഓർമിക്കുമെന്നും വിദേശകാര്യ മന്ത്രാലയം പറഞ്ഞു. വെള്ളിയാഴ്ച വത്തിക്കാൻ സിറ്റിയിലെ സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ രാഷ്ട്രപതി, ഫ്രാൻസിസ് മാർപാപ്പയ്ക്ക് ആദരാഞ്ജലി അർപ്പിക്കുമെന്നും പ്രസ്താവനയിൽ പറയുന്നു.

# ഗഗൻയാനിന്റെ ആദ്യ മനുഷ്യരഹിത പരീക്ഷണ ദൗത്യം ഈ വർഷം

ന്യൂഡൽഹി: കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന് കീഴിലുള്ള ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയും

കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിലുള്ള ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയും ബഹിരാകാശ വൈദ്യശാസ്ത്ര രംഗത്തെ സഹകരണത്തെക്കുറിച്ചുള്ള പ്രാരംഭ ധാരണാപത്രത്തിൽ ഒപ്പു വെച്ചു. ഗഗൻയാനിന്റെ ആദ്യ മനുഷ്യരഹിത പരീക്ഷണ ദൗത്യം ഈ വർഷം നടത്തുമെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി നാരായണൻ പറഞ്ഞു. ശ്രീ ചിത്ര ഡയറക്ടർ ഡോ. സഞ്ജയ് ബിഹാരിക്ക് ധാരണാപത്രം കൈമാറിയതിന് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗഗൻയാൻ ദൗത്യത്തിന് മുന്നോടിയായുള്ള മൂന്ന് മനുഷ്യരഹിത ദൗത്യങ്ങളിൽ ആദ്യത്തേതാണ് ഈ വർഷം നടത്തുകയെന്നും അദ്ദേഹം വ്യക്തമാക്കി.

ബഹിരാകാശ വൈദ്യശാസ്ത്ര രംഗത്ത് രാജ്യത്തിന്റെ മുന്നേറ്റത്തിൽ കരാർ നിർണായക നാഴികക്കല്ലാകുമെന്ന് അദ്ദേഹം പറഞ്ഞു. ഗുരുത്വാകർഷണമില്ലാത്ത അന്തരീക്ഷത്തിൽ മനുഷ്യന് സംഭവിക്കുന്ന ജൈവപരവും ശാരീരികവും മാനസികവുമായുള്ള വെല്ലുവിളികൾ നേരിടുന്നതിനും അതിനെ തരണം ചെയ്യുവാനും സജ്ജമാവുക എന്നതാണ് കരാർ ലക്ഷ്യമിടുന്നത്. മനുഷ്യനെ ബഹിരാകാശത്തേക്ക് കൊണ്ടു പോയി സുരക്ഷിതരായി തിരികെയെത്തിക്കാൻ ലക്ഷ്യമിട്ടുള്ള ഗഗൻയാൻ പ്രോഗ്രാം, ബഹിരാകാശത്ത് സ്ഥാപിക്കുന്ന സ്പേസ് സ്റ്റേഷൻ, ഭാവിയിൽ മനുഷ്യനെ ചന്ദ്രനിലെത്തിക്കുന്ന ചാന്ദ്രദൗത്യം തുടങ്ങി ഇന്ത്യയുടെ പദ്ധതികളിലെല്ലാം കരാർ നിർണായക പങ്കു വഹിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഹ്യൂമൻ ഫിസിയോളജിക്കൽ സ്റ്റഡീസ്, ബിഹേവിയൽ ഹെൽത്ത് സ്റ്റഡീസ്, ബയോ മെഡിക്കൽ സപ്പോർട്ട് സംവിധാനങ്ങൽ, റേഡിയേഷൻ ബയോളജി & മെഡിസിൻ എന്നീ മേഖലകളിലെ പുതിയ കണ്ടെത്തലുകൾക്ക് ഈ സഹകരണം പ്രോത്സാഹനം നൽകും.



# മലമ്പനി നിവാരണത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്

## * ലോക മലമ്പനി ദിനാചരണം

മലമ്പനി നിവാരണത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മലമ്പനി നിവാരണം ചെയ്യുന്നതിനായി കൃത്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സംസ്ഥാനമാണ് കേരളം. അതിൽ വലിയ തോതിൽ വിജയം കൈവരിക്കാൻ നമുക്കായിട്ടുണ്ട്.

പക്ഷേ നമ്മൾ നേരിടുന്ന വെല്ലുവിളി മറ്റ് ഇടങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ആളുകൾക്ക് മലമ്പനി കണ്ടെത്തുന്നു എന്നുള്ളതാണ്. അവരിൽ നിന്നും മറ്റുള്ളവരിലേക്ക് മലമ്പനി പകരുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, തൊഴിൽ കോൺട്രാക്ടർമാർ, തൊഴിൽ വകുപ്പ്, മറ്റ് വകുപ്പുകൾ എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. ലോക മലമ്പനി ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

2027-ഓട് കൂടി മലേറിയ നിവാരണം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. മലേറിയ കേസുകൾ ഏറ്റവും കുറവുള്ള കാറ്റഗറി വണ്ണിലാണ് കേരളം ഉൾപ്പെടുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളും കാറ്റഗറി വണ്ണിലാണ് വരുന്നത്. എന്നാൽ ചില തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ തദ്ദേശീയ മലേറിയ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിൽ 8 ജില്ലകളിലായി 15 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യപ്പെടാത്ത 1019 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളും തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളും നിലവിൽ മലമ്പനി നിവാരണ പ്രഖ്യാപനത്തിന് അർഹമാണ്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും മലമ്പനി നിവാരണ പ്രഖ്യാപനത്തിന് ആവശ്യമായ രേഖകളും പ്രവർത്തന റിപ്പോർട്ടുകളും തയ്യാറാക്കുക എന്നതാണ് 2025 ലോക മലേറിയ ദിനാചരണത്തിന്റെ ഭാഗമായി ഏറ്റെടുത്തിരിക്കുന്ന ദൗത്യം. അതിഥി തൊഴിലാളികളുടെയും മലേറിയ ബാധിത പ്രദേശങ്ങളിൽ നിന്നും വരുന്നവരുടേയും നിരീക്ഷണം പ്രധാനമാണ്. ഇവരിൽ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ 24 മണിക്കൂറിനുള്ളിൽ രോഗ നിർണയവും ചികിത്സയും ലഭ്യമാക്കുവാൻ നമുക്ക് സാധിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ഡയറക്ടർ ഡോ. കെ.പി. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ കെ. ഗോപാൽ, ആരോഗ്യ കേരളം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ് എസ്., സംസ്ഥാന മാസ് എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ ഡോമി ജോൺ എന്നിവർ പങ്കെടുത്തു.




പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണ ശില്പശാല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് ഉദ്ഘാടനം ചെയ്യുന്നു

## കേരള നിയമസഭാ ദിനാഘോഷം

നിയമസഭാ ദിനാഘോഷത്തിന്റെ ഭാഗമായി ഏപ്രിൽ 27, രാവിലെ 9.30 ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ പുഷ്പാർച്ചന നടത്തും. ദിനാഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 25 മുതൽ മേയ് 1 വരെയുള്ള ദിവസങ്ങളിൽ നിയമസഭാമന്ദിരവും പരിസരവും വൈകുന്നേരം 6 മുതൽ രാത്രി 8 വരെ ദീപാലംകൃതമായിരിക്കും. അന്നേ ദിവസങ്ങളിൽ രാവിലെ 10.30 മുതൽ രാത്രി 8 മണി വരെയും പൊതു അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതലും നിയമസഭ മന്ദിരവും നിയമസഭ മ്യൂസിയവും പൊതുജനങ്ങൾക്ക് സന്ദർശിക്കാം.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

കെ. ടെറ്റ് (നവംബർ 2024) കാറ്റഗറി ക, കക, കകക, കധ പരീക്ഷകളുടെ ഫലം www.pareekshabhavan.kerala.gov.in, https://ktet.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

## റാങ്ക്‌ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച 2024-25 വർഷത്തെ ബി.എസ്.സി നേഴ്സിംഗ് (ആയുർവേദം), ബി.ഫാം (ആയുർവേദം) കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ പ്രൊവിഷണൽ റാങ്ക്‌ലിസ്റ്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. പരാതികൾ ഏപ്രിൽ 28 ന് 5 മണിക്ക് മുൻപായി lbstvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 04712324396.

## വിവരങ്ങൾ സമർപ്പിക്കണം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അംഗങ്ങൾക്ക് തടസ്സമില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗങ്ങളുടെ ആധാർ കാർഡ്, ഉപയോഗത്തിലുള്ള ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ബോർഡിന്റെ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി എത്രയും വേഗം ജില്ലാ ഓഫീസിൽ ഹാജരാക്കണം. 2020 നു ശേഷം പുതിയ അംഗത്വം എടുത്തവരും വിവാഹം, പ്രസവം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചവരും വീണ്ടും രേഖകൾ നൽകേണ്ടതില്ല. ജനന തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി / ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം. വിശദവിവരങ്ങൾക്ക് : 0471 2729175.

## ഡ്രോയിങ് ടീച്ചർ നിയമനം

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ ഡ്രോയിങ് ടീച്ചർ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിക്കായ് (കാഴ്ചക്കുറവ്-1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവ് ഉണ്ട് . പത്താം ക്ലാസ് വിജയവും, ഡ്രോയിങ്ങിൽ / പെയിന്റിങ്ങിൽ ഡിപ്ലോമ അല്ലെങ്കിൽ ഡ്രോയിങ്ങിൽ ബിരുദ പാസ്സായിരിക്കണം. യോഗ്യത പരീക്ഷ പാസ്സായിരിക്കണം. പ്രായപരിധി 40 വയസ് വരെ.

ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസ്സിളവ് ലഭിക്കും. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മെയ് 2 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.

## അനുശോചനം

ഇന്ത്യൻ ബഹിരാകാശ രംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകിയ പ്രമുഖ ബഹിരാകാശ ശാസ്ത്രജ്ഞനായ ഡോ. കെ. കസ്തൂരിരംഗന്റെ വേർപാട് ശാസ്ത്രലോകത്ത് തീരാ നഷ്ടമാണെന്ന് രജിസ്ട്രേഷൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അറിയിച്ചു. ബഹുമുഖ പ്രതിഭയായ ശാസ്ത്രജ്ഞന്റെ നിര്യാണത്തിൽ മന്ത്രി അനുശോചനം രേഖപ്പെടുത്തി.

## മതത്തിന് ഭീകരാക്രമണവുമായി ഒരു ബന്ധവുമില്ല; രാജ്യം ഒറ്റക്കെട്ടായി നേരിടണം: എം. എ. ബേബി

പത്തനംതിട്ട: ജമ്മു കാഷ്മീരിലെ പഹൽഗാമിൽ ഭീകരാക്രമണം ഉണ്ടായത് മതത്തിന്റെ പേരിലല്ലെന്നും ആ മതത്തിന് ഭീകരാക്രമണവുമായി ഒരു ബന്ധവുമില്ലെന്നും സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി.

ആക്രമണത്തിൽ കേന്ദ്രം ശക്തമായ നടപടി എടുക്കണമെന്നും രാജ്യം ഒറ്റക്കെട്ടായി ആക്രമണങ്ങളെ നേരിടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആക്രമണം ഉണ്ടായപ്പോൾ മുസ്‌ലിം മതവിശ്വാസിയായ ഒരാൾ ആക്രമണത്തിൽ നിന്നും ഒരാളെ രക്ഷപ്പെടുത്തി. അയാളെയും ഭീകരർ കൊലപ്പെടുത്തി. മതത്തെ ഉപയോഗിച്ച് ജനങ്ങളിൽ പിളർപ്പ് ഉണ്ടാക്കുന്ന ആർഎസ്എസിനെ എതിർക്കണമെന്നും എം. എ. ബേബി പറഞ്ഞു.

## തമിഴ്നാട്ടിൽ പച്ച മുട്ട ചേർത്തുണ്ടാക്കുന്ന മയോണൈസിന് വിലക്ക്

ചെന്നൈ: പച്ചമുട്ട ചേർത്ത മയോണൈസ് ഉണ്ടാക്കുന്നതിനും സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വിലക്കേർപ്പെടുത്തി തമിഴ്നാട്. ഏപ്രിൽ എട്ട് മുതലാണ് നിരോധനം ഏർപ്പെടുത്തിയത്.

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് (2006) പ്രകാരം ഒരു വർഷത്തേക്കാണ് നിരോധനം. പച്ചമുട്ട, വെജിറ്റബിൾ ഓയിൽ, വിനാഗിരി എന്നിവയുപയോഗിച്ചാണ് സാധാരണ മയോണൈസ് ഉണ്ടാക്കുന്നത്.

എന്നാൽ സാൽമൊണെല്ല ബാക്റ്റീരിയയുണ്ടാകാൻ ഏറെ സാധ്യതയുള്ള ഈ രീതി ഭക്ഷ്യവിഷബാധയ്ക്ക് കാരണമായേക്കും എന്ന് തമിഴ്നാട് ഫുഡ് സേഫ്റ്റി ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ കമ്മീഷണർ ആർ. ലാൽവേണ പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറയുന്നു.

മണിക്കൂറുകൾ മാത്രം ഉപയോഗയോഗ്യമായ മയോണൈസ് കൃത്യമായി സൂക്ഷിച്ചില്ലെങ്കിൽ സൂക്ഷ്മാണുക്കൾ അടിഞ്ഞുകൂടാൻ സാധ്യതയേറെയാണ്.

സാൽമൊണെല്ല ടൈഫിമൂറിയം, എസ്ഷെറിഷിയ കോളി, ലിസ്റ്റീരിയ മോണോസൈറ്റോജെൻസ് എന്നീ സൂക്ഷ്മാണുക്കളാണ് കാലാവധി കഴിഞ്ഞ മയോണൈസിലെ അക്രമകാരികൾ. മയോണൈസിൽ പച്ചമുട്ട ഉപയോഗിക്കുന്നത് 2023-ൽ തന്നെ കേരളം നിരോധിച്ചിരുന്നു.

## വീടുനിർമാണത്തിന് മലിനമായ കുളത്തിലെ വെള്ളമെടുത്ത തൊഴിലാളിക്ക് മസ്തിഷ്കജ്വരം

തിരുവനന്തപുരം: വീടുനിർമാണത്തിനായി മലിനമായ കുളത്തിലെ വെള്ളം ഉപയോഗിച്ച തൊഴിലാളിക്ക് അമീബിക് മസ്തിഷ്കജ്വരം പിടിപെട്ടു. കടയ്ക്കാവൂർ കീഴാറ്റിങ്ങൽ കുഴിവിള വീട്ടിൽ സുധർമനാണ് രോഗം പിടിപെട്ടത്. ഇയാൾ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. രണ്ടാഴ്ച മുൻപാണ് കീഴാറ്റിങ്ങൽ ഭാഗത്ത് വീടുനിർമാണത്തിനിടെ സമീപത്തുള്ള അത്തിയിറക്കോണം ചിറയിൽ ഇറങ്ങി സുധർമൻ വെള്ളമെടുത്തത്. രണ്ടുദിവസം കഴിഞ്ഞ് പനി ബാധിച്ചെങ്കിലും മരുന്നുകഴിച്ചപ്പോൾ ഭേദമായി. ഒരാഴ്ച കഴിഞ്ഞ് വീണ്ടും ശക്തമായ പനി ബാധിച്ചു.

തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് നടത്തിയ പരിശോധനയിലാണ് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചത്. വെള്ളമെടുത്ത സ്ഥലം പരിശോധിച്ച ആരോഗ്യവകുപ്പ് അധികൃതർ പ്രദേശത്തെ കുളങ്ങളും തോടുകളും പൊതുജനങ്ങൾ ഉപയോഗിക്കരുതെന്ന് നിർദേശിച്ചു.

ദിവസങ്ങൾക്കുമുൻപ് അത്തിയിറക്കോണം ചിറയിൽ നിന്നു പായൽ വാരിയ രണ്ടുപേർ നിരീക്ഷണത്തിലാണെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കീഴിലുള്ള എറണാകുളം സ്ഥിരം ലോക് അദാലത്തിൽ അംഗത്തെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : kelsa.keralacourts.in.

## ശാഖാകുമാരി വധക്കേസ്; ഭർത്താവ് അരുണിന് ജീവപര്യന്തം

തിരുവനന്തപുരം: ശാഖകുമാരി വധക്കേസിൽ പ്രതിയായ ഭർത്താവ് അരുണിന് ജീവപര്യന്തം കഠിന തടവും രണ്ട് ലക്ഷം രൂപ പിഴയും. നെയ്യാറ്റിൻകര അഡീഷനൽ ജില്ലാ കോടതിയുടേതാണ് വിധി.

കേസിൽ അരുൺ കുറ്റക്കാരനാണെന്ന് കഴിഞ്ഞദിവസം കോടതി കണ്ടെത്തിയിരുന്നു. സ്വത്തുക്കൾ തട്ടിയെടുക്കാൻ തന്നെക്കാൾ 28 വയസ് കൂടുതലുള്ള സ്ത്രീയെ വിവാഹം കഴിക്കുകയും പിന്നീട് അവരെ വൈദ്യുതാഘാതം ഏൽപിച്ചു കൊലപ്പെടുത്തുകയും ചെയ്തെന്നാണ് കേസ്.

കുന്നത്തുകാൽ ത്രേസ്യാപുരത്ത് പ്ലാങ്കാല പുത്തൻ വീട്ടിൽ ശാഖാ കുമാരി (52) ആണ് കൊല്ലപ്പെട്ടത്. 2020 ഡിസംബർ മാസം 26ന് പുലർച്ചെ ഒന്നരയോടെയാണ് സംഭവം. ബെഡ്റൂമിൽ വച്ച് ബലം പ്രയോഗിച്ച് ഇലക്ട്രിക് വയറിലൂടെ ശാഖാ കുമാരിയുടെ വലതു കൈത്തണ്ടയിലും മൂക്കിലും വൈദ്യുതി കടത്തിവിട്ട് കൊലപ്പെടുത്തുകയായിരുന്നു.

വിവാഹം വേണ്ടെന്നു തീരുമാനിച്ച് ഒറ്റയ്ക്ക് താമസിരുന്ന ശാഖാകുമാരി ചെറുപ്പക്കാരനായ അരുണുമായി പ്രണയത്തിലായതിന് പിന്നാലെയായിരുന്നു വിവാഹം. കുട്ടികൾ വേണമെന്ന ശാഖാകുമാരിയുടെ ആഗ്രഹവും ഭാര്യയുടെ പ്രായക്കൂടുതലും അരുണിനെ കൊല നടത്താൻ പ്രേരിപ്പിച്ചെന്ന് പോലീസ് കണ്ടെത്തി.

ശാഖാകുമാരിയെ തെളിവില്ലാതെ കൊലപ്പെടുത്തി നിയമപരമായ ഭർത്താവെന്ന നിലയിൽ സ്വത്തുക്കളുടെ അവകാശിയായി മാറുക എന്നതായിരുന്നു പ്രതിയുടെ ലക്ഷ്യം. വെള്ളറട പോലീസ് ഇൻസ്പെക്ടർ ആയിരുന്ന എം. ശ്രീകുമാറാണ് കേസന്വേഷണം നടത്തിയത്.

## ടെണ്ടർ ക്ഷണിച്ചു

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിലെ വെൽഡർ ട്രേഡിലേക്ക് എം.എസ് ഐറ്റംസ് സംഭരിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: ഠഠഠ.റലേ.സലൃമഹമ.ഴീ.ശി, 04702622391, attingaliti@gmail.com.

# കുടുംബശ്രീ വിഷു ചന്തകളിലൂടെ 7.25 കോടി രൂപയുടെ വിറ്റുവരവ് കർഷകർക്കും സംരംഭകർക്കും മികച്ച നേട്ടം

തിരുവനന്തപുരം: കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ച വിഷു ചന്തകൾ വഴി 7.25 കോടി രൂപയുടെ വിറ്റുവരവ്. കുടുംബശ്രീയുടെ കീഴിലുള്ള 92442 വനിതാ കർഷകർ ഉൽപാദിപ്പിച്ച കാർഷിക ഉൽപന്നങ്ങൾ വിറ്റഴിച്ചതു വഴിയും ഭക്ഷ്യമേളകൾ വഴിയുമാണ് ഈ മിന്നും നേട്ടം. സൂക്ഷ്മസംരംഭ ഉൽപന്നങ്ങളും വിപണനത്തിന് എത്തിച്ചിരുന്നു. വിഷുച്ചന്തകളോടനുബന്ധിച്ച് സംഘടിപ്പിച്ച ഭക്ഷ്യമേളകൾ വഴിയും സംരംഭകർക്ക് മികച്ച വരുമാനം നേടാനായി. 54.4 ലക്ഷം രൂപയാണ് ഈയിനത്തിൽ നേടിയത്. ഇതുൾപ്പെടെയാണ് 7.25 കോടി രൂപയുടെ വിറ്റുവരവ് നേടിയത്. സി.ഡി.എസ്തലത്തിലും ജില്ലാതലത്തിലുമായി സംഘടിപ്പിച്ച 1000 വിഷുച്ചന്തകൾ വഴി 1.36 കോടി രൂപയുടെ വിറ്റുവരവുമായി കാസർകോട് ജില്ലയാണ് ഒന്നാമത്. 97 ലക്ഷം രൂപയുടെ വിറ്റുവരവ് നേടി കണ്ണൂർ ജില്ല രണ്ടാമതും 72.26 ലക്ഷം രൂപ നേടി എറണാകുളം ജില്ല മൂന്നാമതും എത്തി.

59.8 ലക്ഷം രൂപയുടെ വിറ്റുവരവുമായി കൊല്ലവും 58.3 രൂപ നേടി തൃശൂരും നാലും അഞ്ചും സ്ഥാനങ്ങളിൽ ലെത്തി.കുടുംബശ്രീ വിഷു ചന്തകളിൽ കുടുംബശ്രീ വനിതാ കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച വിഷരഹിതമായ പച്ചക്കറികളും പഴവർഗങ്ങളുമാണ് വിപണനത്തിനെത്തിച്ചത്. വിഷു വിപണിയിലേക്ക് പരമാവധി ഉൽപന്നങ്ങളെത്തിക്കുന്നതിനായി ഓരോ സി.ഡി.എസിലും പ്രത്യേക സംഘാടക സമിതികളും രൂപീകരിച്ചിരുന്നു. വിപണന മേളയുടെ സുരക്ഷിതത്വം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവയും സമിതിയുടെ നേതൃത്വത്തിൽ ഉറപ്പു വരുത്തി. മേളയിൽ എത്തുന്ന ഉൽപന്നങ്ങളുടെ അളവ്, കർഷകരുടെയും സംരംഭകരുടെയും പങ്കാളിത്തം എന്നിവ കൃത്യമായി വിലയിരുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു.ജില്ലാമിഷനുകളുടെയും കുടുംബശ്രീ സി.ഡി.എസിന്റെയും നേതൃത്വത്തിൽ അതത് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെയായിരുന്നു വിഷുച്ചന്തകളുടെ സംഘാടനം.

പബ്ലിക് റിലേഷൻസ് ഓഫീസർ കുടുംബശ്രീ

## വാക്ക് ഇൻ ഇന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്ററിൽ ഒഴിവുള്ള വിവിധ തസ്തികകളിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. നിർദിഷ്ട യോഗ്യതയുള്ള വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം മേയ് 3 ന് രാവിലെ 11 ന് കേരള മഹിള സമഖ്യ സൊസൈറ്റി കരമന കുഞ്ചാലുംമൂട് പ്രവർത്തിക്കുന്ന സംസ്ഥാന ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം.

നഴ്സിംഗ് സ്റ്റാഫ് : 1 ഒഴിവ് (ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ) യോഗ്യത : ജനറൽ നഴ്സിംഗ് / ബി.എസ്.സി നഴ്സിംഗ്. പ്രായം : 25 വയസ് പൂർത്തിയാകണം. 30 45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന ലഭിക്കും.

സൈക്കോളജിസ്റ്റ് (പാർട്ട് ടൈം) : 1 ഒഴിവ്. യോഗ്യത : എം.എസ്.ഡബ്ല്യു / എം.എ (സൈക്കോളജി). പ്രായം : 25 വയസ് പൂർത്തിയാകണം. 30-45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന ലഭിക്കും.

ക്ലീനിംഗ് സ്റ്റാഫ് : 1 ഒഴിവ് (ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ). യോഗ്യത : അഞ്ചാം ക്ലാസ്. പ്രായം : 20 വയസ് പൂർത്തിയാകണം. 30-45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം, ഫോൺ : 0471 2348666, വെബ്സൈറ്റ് : www.keralasamakhya.org.

## ജമ്മു കാഷ്മീരിൽ ലഷ്കർ -ഇ- തൊയ്ബ കമാൻഡറെ സൈന്യം വധിച്ചു

ശ്രീനഗർ: ലഷ്കർ ഇ തയ്ബ കമാൻഡറെ ഇന്ത്യൻ സേന വധിച്ചു. ബന്ദിപ്പോര ഏറ്റുമുട്ടലിലാണ് ലഷ്കർ -ഇ- തൊയ്ബ കമാൻഡറെ വധിച്ചത്. അൽത്താഫ് ലല്ലി എന്ന ഭീകരനാണ് കൊല്ലപ്പെട്ടതെന്നാണ് വിവരം. രണ്ട് സൈനികർക്ക് ഏറ്റുമുട്ടലിൽ പരിക്കേറ്റു. ജമ്മുകാഷ്മീരിലെ ബന്ദിപ്പോരയിൽ ഭീകരരും സുരക്ഷാസേനയും തമ്മിൽ രാവിലെയാണ് ഏറ്റുമുട്ടലുണ്ടായത്. കുൽനാർ ബാസിപോര മേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. ഭീകരർ ഇവിടെ ഒളിച്ചിരിപ്പുണ്ടെന്ന രഹസ്യവിവരത്തെ തുടർന്നാണ് സൈന്യം പ്രദേശത്ത് എത്തിയത്. സുരക്ഷാസേന തെരച്ചിൽ നടത്തുന്നതിനിടെ ഭീകരർ വെടിയുതിർക്കുകയായിരുന്നു.ഇതോടെ സൈന്യം ശക്തമായി തിരിച്ചടിച്ചു. അതിനിടെ പാകിസ്ഥാനുമായുള്ള വെടിനിർത്തൽ കരാർ റദ്ദാക്കിയേക്കുമെന്നാണ് സൂചന. 2021 മുതലുള്ള കരാർ റദ്ദാക്കാൻ സാധ്യതയുള്ളതായി സർക്കാർ വൃത്തങ്ങൾ അറിയിച്ചു. ഇക്കാര്യം കരസേന മേധാവി വിലയിരുത്തുമെന്നാണ് വിവരം.

## നിയന്ത്രണരേഖയിൽ പാക് വെടിവയ്പ്പ്; ശക്തമായി തിരിച്ചടിച്ച് ഇന്ത്യൻ സൈന്യം

ശ്രീനഗർ: ജമ്മു കാഷ്മീരിലെ നിയന്ത്രണരേഖയിൽ പാക് വെടിവയ്പ്പ്. നിയന്ത്രണ രേഖയിലും ഇന്ത്യൻ പോസ്റ്റുകളിലും പാകിസ്ഥാൻ സൈന്യം വെടിവയ്പ്പ് നടത്തി. പാക് പ്രകോപനത്തിന് ഉടൻ തന്നെ തിരിച്ചടി നൽകിയതായി ഇന്ത്യൻ സൈന്യം അറിയിച്ചു. വെടിവയ്പ്പിൽ ആർക്കും പരിക്കില്ല. വ്യാഴാഴ്ച രാത്രി മുതലാണ് പാക് വെടിവയ്പ്പുണ്ടായത്. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ കടുത്ത നടപടികൾ തുടരുന്നതിനിടെയാണ് പാക് പ്രകോപനം. പഹൽഗാമിൽ വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ഭീകരാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ടിരുന്നു.

# 10 വർഷത്തിനുള്ളിൽ കേരളം വിജ്ഞാനാധിഷ്ഠിത വ്യവസായത്തിൻെറ ആഗോള കേന്ദ്രമായി വളരും: വ്യവസായ മന്ത്രി പി. രാജീവ്

## ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ പേലോഡ് ഹോസ്റ്റിംഗ് ഉപഗ്രഹം വിക്ഷേപിച്ച ടെക്നോപാർക്ക് കമ്പനി ഹെക്സ്20 യ്ക്ക് മന്ത്രിയുടെ അഭിനന്ദനം

തിരുവനന്തപുരം: വിജ്ഞാനാധിഷ്ഠിത വ്യവസായത്തിൻെറ ലോകത്തിലെ തന്നെ മികച്ച കേന്ദ്രമായി കേരളം വളർന്നു കൊണ്ടിരിക്കുകയാണെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. ഇതിനാവശ്യമായ സംരംഭക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ പേലോഡ് ഹോസ്റ്റിംഗ് ഉപഗ്രഹമായ 'നിള' വിജയകരമായി വിക്ഷേപിച്ച ടെക്നോപാർക്കിലെ ഉപഗ്രഹ നിർമ്മാണ കമ്പനിയായ ഹെക്സ്20 യെ അഭിനന്ദിക്കാൻ ചേർന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ടെക്നോപാർക്ക് ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി ആണ് പരിപാടി സംഘടിപ്പിച്ചത്. പ്രതിധ്വനി എക്സിക്യുട്ടീവ് അംഗമായ അനൂബ് ടി മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രതിധ്വനി പ്രസിഡൻറ് വിഷ്ണു രാജേന്ദ്രൻ, സ്റ്റേറ്റ് കൺവീനർ രാജീവ് കൃഷ്ണൻ എന്നിവർ സംസാരിച്ചു.

റോബോട്ടിക്സ്, എഐ, ബ്ലോക്ക് ചെയിൻ, മെഷീൻ ലേണിംഗ്, എയ്റോസ്പേസ് ടെക് തുടങ്ങിയ സാങ്കേതികവിദ്യകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ആഗോളനിലവാരത്തിലുള്ളതാണെന്നും മന്ത്രി പറഞ്ഞു. ടെക്നോപാർക്കിൽ നിന്ന് ഒരു സ്റ്റാർട്ടപ്പായി ആരംഭിച്ച ഹെക്സ്20 എയ്റോസ്പേസ് വ്യവസായത്തിൽ കേരളത്തിൽ നിന്നുള്ള ആദ്യ സംരംഭമായിരിക്കും. ഇതിന് പിന്നാലെ എയ്റോസ്പേസ് വ്യവസായവുമായി ബന്ധപ്പെട്ട നിരവധി കമ്പനികൾ ഉയർന്നുവരും.

സംസ്ഥാനത്തെ സംരംഭക ആവാസവ്യവസ്ഥയുടെ വളർച്ചയിൽ സർക്കാരിനും വലിയ പങ്കുണ്ട്. രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക് ഉടൻ ആരംഭിക്കും. ഡിജിറ്റൽ സർവകലാശാല, ബ്ലോക്ക്ചെയിൻ പരിശീലന അക്കാദമി എന്നിവയും ഇവിടെയുണ്ട്. സ്കൂൾ സിലബസിൽ എഐ ഉൾപ്പെടുത്തിയ ആദ്യ സംസ്ഥാനം കേരളമാണ്. ഓട്ടോമോട്ടീവ് സാങ്കേതികവിദ്യയുടെ പ്രധാന ആഗോള കേന്ദ്രമായി തിരുവനന്തപുരം മാറിക്കഴിഞ്ഞു. അത്യാധുനിക സാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരുടെ ടാലൻറ്പൂളും സംസ്ഥാനത്തുണ്ട്.

ദേശീയ പാത വികസനത്തോടെ ഗ്രാമ- നഗരമെന്ന വിഭജനമില്ലാതെയാകും. വിഴിഞ്ഞം തുറമുഖം പൂർണമായും പ്രവർത്തനക്ഷമമാകുന്നതോടെ അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ ഉത്പാദനവും വിതരണവും വരെയുള്ള ലോജിസ്റ്റിക്സ് കൂടുതൽ പ്രായോഗികമാകും. വ്യവസായമേഖലയുടെ വളർച്ചയ്ക്ക് ഇത് ആക്കം കൂട്ടും. അന്താരാഷ്ട്ര കമ്പനികൾക്ക് പ്രവർത്തിക്കാൻ കേരളം മികച്ച ആവാസവ്യവസ്ഥയാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.എയ്റോസ്പേസ് വ്യവസായവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നിന്ന് മാത്രം കെ സ്പെയ്സിൽ 60 ലധികം കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിളയുടെ വിജയകരമായ വിക്ഷേപണത്തിനായി അതിൽ 18 കമ്പനികളുമായി സഹകരിച്ചിട്ടുണ്ടെന്നും ഹെക്സ്20 സഹസ്ഥാപകനും ഡയറക്ടറുമായ എം ബി അരവിന്ദ് പറഞ്ഞു. ഹെക്സ്20 യ്ക്ക് ടെക്നോപാർക്കിൽ ലാബ് സൗകര്യങ്ങൾ ലഭ്യമാണ്.

അടുത്ത വർഷം അവസാനത്തോടെ 35 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹം വിക്ഷേപിക്കുന്നതിനായി പിഎസ്എൽവിയുമായി ചർച്ച നടത്തിവരികയാണ്. 2028 ൽ ജപ്പാൻ ആസ്ഥാനമായ ഒരു കമ്പനിക്ക് ബഹിരാകാശ പേടകം രൂപകൽപന ചെയ്യുന്ന പ്രോജക്റ്റിനായുള്ള കരാർ ചർച്ചകളും അവസാന ഘട്ടത്തിലാണ്. ജപ്പാൻ ആസ്ഥാനമായ ഐസ്പേസ് ഇൻകോർപ്പറേറ്റഡ് കമ്പനിയുടെ 2028 ലെ ചാന്ദ്ര ദൗത്യവുമായി സഹകരിക്കും.'ഡൗൺസ്ട്രീമിംഗ്' എന്നറിയപ്പെടുന്ന ഉപഗ്രഹത്തിൽ നിന്നുള്ള ഡാറ്റയുടെ വിശകലനം ഒരു മൾട്ടി-മില്യൺ ഡോളർ വ്യവസായമാണ്. കേരളത്തിലെ എട്ട് കമ്പനികൾ നിലവിൽ ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിജ്ഞാനാധിഷ്ഠിതവും ഭാവി കേന്ദ്രീകൃതവുമായ വ്യവസായത്തിൻെറ കേന്ദ്രമാണ് കേരളം. വരും വർഷങ്ങളിൽ കൂടുതൽ കമ്പനികൾ എയ്റോസ്പേസ് വ്യവസായത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബോർഡ് അംഗങ്ങൾക്ക് പുറമെ ഹെക്സ്20 ലെ പതിനെട്ട് ജീവനക്കാരിൽ 17 പേർ കേരളത്തിൽ നിന്നുള്ളവരാണെന്ന് ഹെക്സ് 20 യുടെ സിടിഒയും സഹസ്ഥാപകനുമായ അനുരാഗ് രഘു പറഞ്ഞു. ഇത് കേരളത്തിലെ ടാലൻറ്പൂളിൻെറ സാക്ഷ്യപ്പെടുത്തലാണ്. ഓസ്ട്രേലിയ, യുഎഇ, തായ് വാൻ എന്നിവിടങ്ങളിൽ ഇതിനകം സാന്നിധ്യമുറപ്പിച്ചിട്ടുള്ള ഹെക്സ്20 വിപുലീകരണത്തിൻെറ പാതയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാല് മാസത്തെ പ്രവർത്തനത്തിലൂടെ ഹെക്സ് 20 വികസിപ്പിച്ചെടുത്ത ഉപഗ്രഹം ബെർലിൻ ആസ്ഥാനമായ സാറ്റലൈറ്റ് ഡിപ്ലോയർ കമ്പനിയായ എക്സോലോഞ്ച് വഴി മാർച്ച് 15 ന് സ്പേസ് എക്സ് ട്രാൻസ്പോർട്ടർ -13 ദൗത്യത്തിലാണ് വിക്ഷേപിച്ചത്. മാർച്ച് 16 ന് ഹെക്സ്20യുടെ സാറ്റലൈറ്റ് കൺട്രോൾ സെൻററിൽ ബീക്കൺ സിഗ്നൽ ലഭിച്ചതോടെയാണ് ദൗത്യം നിർണായക നേട്ടം കൈവരിച്ചത്. ഹെക്സ്20 യുടെ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഉപസംവിധാനങ്ങളെയും ജർമ്മൻ ബഹിരാകാശ കമ്പനിയായ ഡിക്യൂബ്ഡിൽ നിന്നുള്ള ഇൻ-ഓർബിറ്റ് ഡെമോൺസ്ട്രേഷനുള്ള പേലോഡിനെയും നിള ദൗത്യം സാധ്യമാക്കി. സ്വകാര്യ മേഖലയിലെ ഉപഗ്രഹ സാങ്കേതികവിദ്യയിലെയും നവീകരണത്തിലെയും സുപ്രധാന ചുവടുവയ്പാണിത്.

തിരുവനന്തപുരം മേനംകുളത്തെ മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച ഗ്രൗണ്ട് സ്റ്റേഷനിൽ ഹെക്സ്20 ടീം ഉപഗ്രഹത്തിൻെറ പ്രവർത്തനം നിരീക്ഷിക്കും. ഗ്രൗണ്ട് സ്റ്റേഷൻ സൗകര്യം പ്രവർത്തിപ്പിക്കുന്നതിൽ കോളേജിലെ ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകിയിട്ടുണ്ട്. തായ്വാനിലെ നാഷണൽ സെൻട്രൽ യൂണിവേഴ്സിറ്റി, യുഎസ്എയിലെ യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോയുടെ ലബോറട്ടറി ഫോർ അറ്റ് മോസ്ഫെറിക് ആൻഡ് സ്പേസ് ഫിസിക്സ് തുടങ്ങിയ പ്രമുഖ അക്കാദമിക് സ്ഥാപനങ്ങളുമായും ഹെക്സ്20 പങ്കാളിത്തം സ്ഥാപിച്ചിട്ടുണ്ട്.




*ടെക്നോപാർക്കിലെ ഉപഗ്രഹ നിർമ്മാണ കമ്പനിയായ ഹെക്സ്20 യുടെ സഹസ്ഥാപകരായ എം. ബി അരവിന്ദിനെയും അനുരാഗ് രഘുവിനെയും വ്യവസായ മന്ത്രി പി. രാജീവ് അഭിനന്ദിക്കുന്നു.*

## സിവിൽ സർവീസ് പരിശീലനം

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനത്തിനായി കിലെ സിവിൽ സർവീസ് അക്കാദമിയിൽ ജൂൺ ആദ്യവാരം ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് ഫീസിന്റെ 50 ശതമാനം സ്കോളർഷിപ്പായി നൽകും. www.kile.kerala.gov.in/kileiasacademy ൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2479966, 8075768537.

## ഇലക്ട്രിക്കൽ വയർമാൻ പരീക്ഷ മേയ് 8 ന്

19/07/2024 ലെ 30-ാം നമ്പർ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന ഇലക്ട്രിക്കൽ വയർമാൻ എഴുത്തു പരീക്ഷ 2024 എല്ലാ ജില്ലകളിലും മേയ് 8 ന് നടക്കും. ഹാൾടിക്കറ്റ് https://samraksha.ceikerala.gov.in ൽ നിന്നും ഏപ്രിൽ 30 മുതൽ ഡൗൺലോഡ് ചെയ്യാം. ഹാൾടിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിന് 30 മിനിറ്റ് മുൻപ് പരീക്ഷാർഥികൾ ഹാളിൽ എത്തിച്ചേരണം. പരീക്ഷയ്ക്ക് കാൽക്കുലേറ്റർ ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0471 2339233.

## വിവിധ തസ്തികകളിൽ അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഏപ്രിൽ 26ന് രാവിലെ 10 മണിക്ക് വിവിധ തസ്തികകളിൽ അഭിമുഖം നടക്കും. അസോസിയേറ്റ് ബിസിനസ് മാനേജർ, മാനേജർ ട്രെയിനി, ടീം ലീഡർ, പ്രയോരിറ്റി പാർട്നേർസ്, ഫിനാൻഷ്യൽ കോൺസൽറ്റന്റ്സ്, ഇൻഷുറൻസ് അഡൈസർ, സെയിൽസ് ഓഫീസർ, മെക്കാനിക് തസ്തികകളിലാണ് അഭിമുഖം.

എസ്.എസ്.എൽ.സി, പ്ലസ്ടു, ഐ.ടി.ഐ, ഡിഗ്രി യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. പ്രായപരിധി 40 വയസ്സ്. പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം.

## വാക്ക്-ഇൻ ഇന്റർവ്യൂ

എറണാകുളം ജനറൽ ആശുപത്രിയിലെ ഊട്ടുപുര കിച്ചണിലേക്ക് അസിസ്റ്റന്റ് കുക്ക് (വനിത) തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് ഏപ്രിൽ 30, രാവിലെ 10.30 ന് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും.

സമാനമേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2386000.

## പോക്സോ കേസെടുക്കാൻ വിസമ്മതിച്ചു: വനിതാ സ്റ്റേഷൻ എസ്ഐക്കെതിരേ പരാതി

പത്തനംതിട്ട: വനിതാ സ്റ്റേഷനിലെ എസ്ഐ പോക്സോ കേസ് എടുക്കാൻ വിസമ്മതിച്ചെന്ന് പരാതി. പത്തനംതിട്ട വനിതാ സ്റ്റേഷൻ എസ്എച്ച്ഒ കെ. ആർ. ഷെമിമോൾക്കെതിരേയാണ് ആരോപണം.

ഏഴുവയസുകാരിയെ ട്യൂഷൻ ടീച്ചറുടെ പിതാവ് ലൈംഗികമായി ഉപദ്രവിച്ചെന്ന പരാതിയിലാണ് ഷെമിമോൾ നടപടി എടുക്കാതിരുന്നത്. സ്റ്റേഷനിൽ എത്തിയപ്പോൾ ഷെമിമോൾ പരാതി സ്വീകരിക്കാത്തതിനേത്തുടർന്ന് പെൺകുട്ടിയുടെ രക്ഷിതാക്കൾ ചൈൽഡ് ലൈൻ വഴി പരാതി നൽകുകയായിരുന്നു. തുടർന്ന് എഴുപതുകാരനെ പോലീസ് അറസ്റ്റ് ചെയ്തു.

എസ്ഐക്ക് മുന്നിൽ പിതാവും കുട്ടിയും എത്തിയപ്പോൾപരാതി വിശദമായി കേട്ട എസ്ഐ കേസെടുക്കാതെ ഇവരെ പറഞ്ഞുവിടുകയായിരുന്നു. വനിതാ സ്റ്റേഷനിൽ നിന്ന് നീതി ലഭിക്കില്ലെന്ന് മനസിലാക്കിയ പിതാവ് വിവരം ചൈൽഡ് ലൈനിൽ അറിയിച്ചു.

അവിടെ നിന്നുള്ള നിർദേശപ്രകാരമാണ് പോലീസ് തുടർനടപടി സ്വീകരിച്ചത്.

## പഹൽഗാം ഭീകരാക്രമണം; ഇന്ത്യയും പാക്കിസ്ഥാനും സംയമനം പാലിക്കണമെന്ന് യുഎൻ

ശ്രീനഗർ: പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയും പാക്കിസ്ഥാനും പരസ്പരം നടപടികൾ കടുപ്പിച്ചിരിക്കെ ഇടപെട്ട് യുഎൻ. ഇരുരാജ്യങ്ങളും പരമാവധി സംയമനം പാലിക്കണമെന്നും സ്ഥിതിഗതികൾ കൂടുതൽ വഷളാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും യുഎൻ വക്താവ് സ്റ്റീഫൻ ഡുജാറിക് പ്രതികരിച്ചു.

യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് ഇരുരാജ്യങ്ങൾക്കും ഇടയിലുള്ള സ്ഥിതിഗതികൾ ഏറെ സൂക്ഷ്മതയോടെയും ആശങ്കയോടെയും നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ഇരുരാജ്യങ്ങളിലെയും സർക്കാരുകളുമായി ഗുട്ടെറസ് നേരിട്ട് ബന്ധപ്പെട്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയ്ക്കും പാക്കിസ്ഥാനും ഇടയിലുള്ള ഏതൊരു പ്രശ്നവും അർഥവത്തായ പരസ്പര ഇടപെടലിലൂടെ സമാധാനപരമായി പരിഹരിക്കപ്പെടേണ്ടതാണെന്ന് തങ്ങൾ വിശ്വസിക്കുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ബുധനാഴ്ച കടുത്ത നടപടികളാണ് ഇന്ത്യ പ്രഖ്യാപിച്ചത്. എല്ലാ പാക്കിസ്ഥാൻകാരും ഇന്ത്യ വിടണം. ഇനി പാക്കിസ്ഥാൻ പൗരൻമാർക്ക് വീസ അനുവദിക്കില്ല. എസ്വിഇഎസ് വീസയിൽ ഇന്ത്യയിലുള്ളവർ 48 മണിക്കൂറിനുള്ളിൽ തിരികെ പോകണമെന്നും മുന്നറിയിപ്പ് നൽകി.

വാഗ-അട്ടാരി അതിർത്തി അടച്ചതായും സിന്ധു നദീജല കരാർ മരവിപ്പിച്ചതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു. പാക്കിസ്ഥാൻ ഹൈക്കമ്മീഷനിലെ പ്രതിരോധ ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കിയിരുന്നു.

പിന്നാലെ ഇന്ത്യക്കെതിരേ നടപടികളുമായി പാക്കിസ്ഥാനും രംഗത്തുവന്നിരുന്നു. ഇന്ത്യൻ വിമാന കമ്പനികൾക്ക് മുന്നിൽ പാക് വ്യോമ മേഖല അടയ്ക്കുമെന്ന് പാക്കിസ്ഥാൻ പ്രഖ്യാപിച്ചു.

1972 ലെ സമാധാനക്കരാറായ ഷിംല കരാർ മരവിപ്പിക്കും. ഇന്ത്യയുമായുള്ള എല്ലാ വ്യാപാര ബന്ധവും നിർത്തലാക്കി. സിന്ധു നദീജല കരാർ ലംഘനം യുദ്ധമായി കണക്കാക്കുമെന്നും പാക്കിസ്ഥാൻ അറിയിച്ചിരുന്നു.

## പഹൽഗാമിൽ ആക്രമണം നടത്തിയവർ സ്വാതന്ത്ര്യസമര സേനാനികൾ; ഭീകരരെ പുകഴ്ത്തി പാക് മന്ത്രി

ഇസ്ലാമബാദ്: പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരരെ പ്രശംസിച്ച് പാക് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഇഷാഖ് ധർ. ഭീകരർ സ്വാതന്ത്രസമര സേനാനികളാണെന്നായിരുന്നു പരാമർശം.

ഇസ്ലാമബാദിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഏപ്രിൽ 22ന് ജമ്മു കാഷ്മീരിലെ പഹൽഗാം ജില്ലയിൽ ആക്രമണം നടത്തിയവർ സ്വാതന്ത്ര്യസമര സേനാനികളായിരിക്കാമെന്ന് മന്ത്രി പറഞ്ഞു. ഇന്ത്യ, പാക്കിസ്ഥാനെ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്താൽ തിരിച്ചടി നൽകുമെന്നും ഇഷാഖ് ധർ കൂട്ടിച്ചേർത്തു. അതിർത്തിയിലെ പാക് സേനയുടെ പ്രകോപനത്തിനിടെയാണ് മന്ത്രിയുടെ പരാമർശം. ജമ്മു കാഷ്മീരിലെ നിയന്ത്രണ രേഖയിലും ഇന്ത്യൻ പോസ്റ്റുകളിലും വ്യാഴാഴ്ച രാത്രി മുതലാണ് പാക്കിസ്ഥാൻ സൈന്യം വെടിവയ്പ്പ് നടത്തിയത്. പാക് പ്രകോപനത്തിന് ഉടൻ തന്നെ തിരിച്ചടി നൽകിയതായി ഇന്ത്യൻ സൈന്യം അറിയിച്ചിരുന്നു. വെടിവയ്പ്പിൽ ആർക്കും പരിക്കില്ല.

## ചിത്രരചനാ മത്സരം

ലോകോത്തര ചിത്രകാരനായിരുന്ന രാജാ രവിവർമ്മയുടെ 177-ാം ജന്മദിനത്തോടനുബന്ധിച്ച് ഏപ്രിൽ 29ന് തിരുവനന്തപുരം മ്യൂസിയം ഓഡിറ്റോറിയത്തിൽ വിദ്യാർത്ഥികൾക്കായി ചിത്രരചന മത്സരം നടത്തുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് 8790686273, 9496816672, 9605044148 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

30 ന് നടക്കുന്ന ഏകദിന സെമിനാർ രജിസ്ട്രേഷൻ, മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചിത്രരചനാ മത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസും, സർട്ടിഫിക്കറ്റും മന്ത്രി നൽകും.

## പൊതുപരാതി പരിഹാരം: ദേശീയ ശില്പശാല സംഘടിപ്പിച്ചു

കേന്ദ്ര ഭരണപരിഷ്കാര, പൊതുപരാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ (ഐ.എം.ജി) 'സേവോത്തവും ഫലപ്രദമായ പൊതുപരാതി പരിഹാരവും' എന്ന വിഷയത്തിൽ ഏകദിന ദേശീയ ശില്പശാല സംഘടിപ്പിച്ചു.

ഐ.എം.ജി. ഡയറക്ടർ കെ ജയകുമാർ സ്വാഗതം ആശംസിച്ച വർക്ഷോപ്പിൽ കേന്ദ്ര ഭരണപരിഷ്കാര, പൊതുപരാതി വകുപ്പ് സെക്രട്ടറി വി ശ്രീനിവാസ് സേവോത്തം, സി.പി.ജി.ആർ.എ.എം.എസ് എന്നിവയുടെ അവലോകനം അവതരിപ്പിച്ചു.

കേരളത്തിന്റെ പരാതി പരിഹാര അനുഭവങ്ങൾ, സംസ്ഥാന-ജില്ലാ തല സംവിധാനങ്ങൾ, ഡിജിറ്റ് പ്ലാറ്റ്ഫോം, സേവോത്തം മാർഗനിർദേശങ്ങൾ, ബഹുഭാഷാ സി.പി.ജി.ആർ.എ.എം.എസ്, സന്ദേശ് മെസേജിംഗ്, ജി.ആർ.എ.ഐ , ഛുലിച്യഅക തുടങ്ങി വിവിധ വിഷയങ്ങളിൽ സെഷനുകൾ സംഘടിപ്പിച്ചു.

## രാഹുൽ ഗാന്ധിക്കെതിരെ അപകീർത്തി പരാമർശം; ബിജെപി ഐടി സെല്ലിനെതിരെ കേസെടുത്തു

ബംഗളൂരു: രാഹുൽ ഗാന്ധിക്കെതിരെ അപകീർത്തി പരാമർശം നടത്തിയ കർണാടക ബിജെപി ഐടി സെല്ലിനെതിരെ കേസെടുത്തു. ബംഗളൂരു ഹൈ ഗ്രൗണ്ട് പോലീസാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്.

രാഹുൽ ഗാന്ധി വിദേശത്ത് പോകുമ്പോഴൊക്കെ കാഷ്മീരിൽ ഭീകരാക്രമണമുണ്ടാകും എന്നായിരുന്നു അപകീർത്തി പോസ്റ്റ്. രാഹുൽ ഗാന്ധിക്കെതിരെ വിദ്വേഷം പരത്താനും സ്പർദ്ധയുണ്ടാക്കാനും പോസ്റ്റ് കാരണമായെന്ന് ചൂണ്ടിക്കാട്ടി കർണാടക കോൺഗ്രസ് ലീഗൽ യൂണിറ്റ് അധ്യക്ഷൻ ധനഞ്ജയ് ആണ് പരാതി നൽകിയത്.

അതേസമയം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് കാഷ്മീർ സന്ദർശിക്കും. അനന്ത്നാഗിലെത്തുന്ന രാഹുൽ ഭീകരാക്രമണത്തിൽ പരിക്കേറ്റവരെ സന്ദർശിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




കേന്ദ്ര ഭരണപരിഷ്കാര, പൊതുപരാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ 'സേവോത്തവും ഫലപ്രദമായ പൊതുപരാതി പരിഹാരവും' എന്ന വിഷയത്തിൽ നടന്ന ദേശീയ ശില്പശാലയിൽ വകുപ്പ് സെക്രട്ടറി വി ശ്രീനിവാസ് സംസാരിക്കുന്നു.

# നിർണായക സാഹചര്യങ്ങളിൽ കൈത്താങ്ങായിരുന്ന വ്യക്തി; കസ്തൂരിരംഗന്റെ വിയോഗം തീരാനഷ്ടമെന്ന് ഐഎസ്ആർഒ ചെയർമാൻ

ന്യൂഡൽഹി: ഡോ. കസ്തൂരിരംഗന്റെ വിയോഗം തീരാ നഷ്ടമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ. പല നിർണായക സാഹചര്യങ്ങളിലും അദ്ദേഹം കൈത്താങ്ങായിരുന്നുവെന്നും ഡോ. വി. നാരായണൻ പറഞ്ഞു.

തൊട്ടതെല്ലാം പൊന്നാക്കിയ മനുഷ്യനാണ് വിടവാങ്ങുന്നതെന്നും അദ്ദേഹം അനുസ്മരിച്ചു. ബംഗളൂരുവിൽവച്ചാണ് ഇസ്രോ മുൻ ചെയർമാൻ ഡോ. കെ. കസ്തൂരിരംഗൻ(84) അന്തരിച്ചത്. ബംഗളൂരുവിലെ വസതിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം.

1994 മുതൽ 2003 വരെ ഒന്പത് വർഷം ഇസ്രോയുടെ മേധാവിയായിരുന്നു. രാജ്യത്തിന്റെ ബഹിരാകാശ മേഖലയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകിയ മലയാളിയാണ് അദ്ദേഹം. ഇന്ത്യയുടെ ആദ്യത്തെ ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളായ ഭാസ്കര-1,ഭാസ്കര-2 എന്നിവയുടെ പ്രൊജക്ട് ഡയറലായും സേവനമനുഷ്ഠിച്ചു. പിഎസ്എൽവി, ജിഎസ്എൽവി വിക്ഷേപണങ്ങൾ പോലുള്ള പ്രധാന നാഴികക്കല്ലുകൾക്കും നേതൃത്വം നൽകി.

പിന്നീട് 2003 മുതൽ 2009 വരെ രാജ്യസഭാ എംപിയായി. ഇന്ത്യയുടെ പ്ലാനിംഗ് കമ്മീഷൻ അംഗം, ഇസ്രോ സാറ്റലൈറ്റ് സെൻറർ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റു സർവകലാശാല ചാൻസിലർ, കർണാടക നോളജ് കമ്മിഷൻ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

പശ്ചിമഘട്ട സംരക്ഷണം മുൻനിർത്തി കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരം കസ്തൂരിരംഗന്റെ നേതൃത്തിൽ തയാറാക്കിയ റിപ്പോർട്ട് ഏറെ ചർച്ചകൾക്ക് വഴിവച്ചിരുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിലെ പരിഷ്കാരങ്ങൾക്ക് ചുക്കാൻ പിടിച്ചതും അദ്ദേഹമായിരുന്നു. രാജ്യം പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചു.

കൊച്ചിയിൽ ചിറ്റൂർ റോഡിലെ സമൂഹത്ത് മഠത്തിൽ കൃഷ്ണസ്വാമിയുടെയും വിശാലാക്ഷിയുടെയും മകനായി 1940 ഒക്ടോബർ 24-നാണ് ജനിച്ചത്.

# പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ ലക്ഷ്യം കണ്ടു: മുഖ്യമന്ത്രി പിണറായി വിജയൻ

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രാധാന്യം നൽകി അവയെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാർ ഇടപെടലുകൾ ലക്ഷ്യം കണ്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ.

കൃത്യമായ പ്രവർത്തനങ്ങളിലൂടെയും ആവശ്യമായ നടപടികളിലൂടെയും മുൻപ് നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. 1,000 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാകുന്ന കമ്പനികളുടെ ഗണത്തിലേക്ക് കടന്ന കെൽട്രോൺ അനന്തമായ വികസന സാധ്യതകളുള്ള കെ എം എം എൽ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ മികച്ച മാതൃകകളാണ്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഹോട്ടൽ ഹൈസിന്തിൽ സംഘടിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണ ശില്പശാലയുടെ സമാപന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.പൊതുമേഖലാ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്ഥാപനത്തിനുള്ളിൽ നിന്നും തന്നെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഉൽപ്പന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യാനാകണം. സുതാര്യവും സംശുദ്ധവുമായ നടപടികൾ സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പാക്കണം.

റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായും നടപ്പിലാക്കണം. സ്ഥാപന മേധാവികൾ ആഭ്യന്തരമായ വിഷയങ്ങൾ കൃത്യമായി പരിഹരിച്ച് മുന്നോട്ട് പോകണമെന്നും പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# വീണാ വിജയന് കിട്ടിയത് അഴിമതിപ്പണം; സിപിഎം മറുപടി പറയണമെന്ന് മാത്യൂ കുഴൽനാടൻ എംഎൽഎ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻ സിഎംആർഎല്ലിന്റെ സഹോദര സ്ഥാപനമായ എംപവർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് എന്ന സ്ഥാപനത്തിൽ നിന്ന് വായ്പയായി ലഭിച്ച തുക തിരിച്ചടച്ചുവെന്ന് വ്യാജമായി രേഖയുണ്ടാക്കി അത് സ്വന്തമാക്കിയെന്ന് എസ്എഫ്ഐഒ കുറ്റപത്രത്തിലൂടെ വ്യക്തമായ സഹാചര്യത്തിൽ ഈ അഴിമതിപ്പണം ഏത് ഗണത്തിൽ സിപിഎം ഉൾപ്പെടുത്തുമെന്ന് മാത്യൂ കുഴൽനാടൻ എംഎൽ. എ. കെപിസിസി ആസ്ഥാനത്ത് മാധ്യമങ്ങളോട് പ്രതികരിക്കുക ആയിരുന്നു അദ്ദേഹം. മാസപ്പടി ആരോപണം ഉയർന്നത് മുതൽ സിപിഎം അതിനെ ന്യായീകരിക്കുകയാണ്. രണ്ട് കമ്പനികൾ നടത്തിയ സുതാര്യമായ ഇടപാടാണെന്നും അതിന് അവർ നികുതി അടച്ചിട്ടുണ്ടെന്നുള്ള വാദഗതികളാണ് സിപിഎം നിരത്തിയത്. ഈ ആരോപണം ഉയർന്നിട്ട് ഇതുവരെ അതിന് വ്യക്തമായ മറുപടി നൽകാൻ വീണാ വിജയൻ തയ്യാറായിട്ടില്ല. സിപിഎം പി. ബി മുതൽ ലോക്കൽ സെക്രട്ടറി വരെ ന്യായീകരണവുമായി രംഗത്തെത്തി. വായ്പയായി ലഭിച്ച തുക വകമാറ്റിയതിനെ കുറിച്ച് സിപിഎം നേതൃത്വത്തിന് എന്താണ് പറയാനുള്ളത് എസ്എഫ്ഐഒ കുറ്റപത്രത്തിൽ വീണാ വിജയൻ ക്രമക്കേട് കാട്ടിയെന്ന് പറയുന്നുണ്ട്.

എംപവർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിൽ നിന്ന് വീണയ്ക്ക് പണം നൽകിയെന്ന് കടലാസിൽ കുറിക്കുകയും പിന്നേട് അത് തിരികെ നൽകിയെന്ന് കടലാസ് രേഖയുണ്ടാക്കുകയും ചെയ്തു. എന്നാൽ അങ്ങനെയൊരു പണം നൽകിയതല്ലാതെ തിരികെ നൽകിയില്ലെന്ന് എസ്എഫ്ഐഒ കണ്ടെത്തി. ഈ ഇടപാട് ഏത് കരാറിന്റെ അടിസ്ഥാനത്തിലാണെന്ന് പറയാനുള്ള ബാധ്യത സിപിഎമ്മിനുണ്ട്. ചുരുങ്ങിയ പക്ഷം അത് അഴിമതിപ്പണമാണെന്ന് സിപിഎം അംഗീകരിക്കേണ്ടി വരും.

എസ്എഫ് ഐ ഒ കുറ്റപത്രപ്രകാരം സിഎംആർഎൽ കമ്പനിയിൽ നിന്ന് കോടിക്കണക്കിന് അനധികൃത കള്ളപ്പണം വെളുപ്പിക്കുന്നതിന് അക്കൗണ്ടിൽ വാങ്ങി അത് ഉപയോഗിച്ച് കൊണ്ടുരിക്കുകയാണ് മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻ. തുക തിരിച്ചടച്ചെന്ന് കടലാസു രേഖയുണ്ടാക്കിയത് ബോധ്യമായ സാഹചര്യത്തിൽ വീണാ വിജയന് ലഭിച്ചത് അഴിമതിപ്പണമാണെന്ന കാര്യം ഈ ഘട്ടത്തിലെങ്കിലും സിപിഎം അംഗീകരിക്കുമോയെന്നും മാത്യൂകുഴൽനാടൻ ചോദിച്ചു.

## ജാമ്യം നൽകിയാൽ സുരക്ഷാഭീഷണിയുണ്ടാകും; ഷഹബാസ് വധക്കേസ് പ്രതികളായ വിദ്യാർഥികളുടെ ജാമ്യാപേക്ഷ തള്ളി

കൊച്ചി: താമരശേരി ഷഹബാസ് വധക്കേസിൽ പ്രതികളായ ആറ് വിദ്യാർഥികളുടെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. ജാമ്യം നൽകിയാൽ വിദ്യാർഥികൾക്ക് സുരക്ഷാഭീഷണിയുണ്ടാകുമെന്ന് കോടതി ചൂണ്ടിക്കാട്ടി. ജാമ്യം എല്ലാഘട്ടത്തിലും അവകാശമല്ലെന്നും കോടതി വ്യക്തമാക്കി. ഫെബ്രുവരി 28 നാണ് താമരശേരിയിൽ വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായത്. ഇതിനിടെ ഷഹബാസിന്റെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. തുടർന്ന് ചികിത്സയിലിരിക്കെ ഷഹബാസ് മരണത്തിന് കീഴടങ്ങുകയായിരുന്നു.

## ഡോ. കെ കസ്തൂരിരംഗന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി അനുശോചനം രേഖപ്പെടുത്തി

ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. കെ കസ്തൂരിരംഗന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ദീർഘകാലം ഐഎസ്ആർഒ-യുടെ ചെയർമാൻ പദവി അലങ്കരിച്ച അദ്ദേഹം ഇന്ത്യയുടെ ബഹിരാകാശ ഗവേഷണങ്ങളേയും പര്യവേക്ഷണങ്ങളേയും പുതിയ ഉയരങ്ങളിലേയ്ക്ക് നയിച്ചു. രാജ്യസഭാംഗം, ആസൂത്രണ കമ്മീഷൻ അംഗം, ബഹിരാകാശ വകുപ്പ് സെക്രട്ടറി എന്നിങ്ങനെ വിവിധ ഉത്തരവാദിത്തങ്ങളിലൂടെ രാജ്യത്തിന്റെ പുരോഗതിയ്ക്കായി നിരവധി സംഭാവനകൾ കസ്തൂരിരംഗൻ നൽകി. അദ്ദേഹത്തിന്റെ വിയോഗം രാജ്യത്തിന്റെ വൈജ്ഞാനികമേഖലയെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമാണ്. കസ്തൂരിരംഗന്റെ സ്മരണകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നുവെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## സിവിൽ സർവീസ് ജേതാക്കളുമായി മന്ത്രി ആർ ബിന്ദു ആശയവിനിമയം നടത്തും

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ വിവിധ പരിശീലന പദ്ധതികളിൽ പങ്കെടുത്ത് 2024 ലെ സിവിൽ സർവീസ് പരീക്ഷയിൽ വിജയികളായ വിദ്യാർഥികളുമായി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു ആശയവിനിമയം നടത്തും.

ഏപ്രിൽ 26 ന് ഉച്ചക്ക് 2 മണിക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ പ്ലാമൂട്, ചാരാച്ചിറിയിലുള്ള ക്യാമ്പസിലാണ് പരിപാടി.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ എത്തിക്കുന്നതിന് തുക നൽകേണ്ട

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീടുകളിൽ എത്തിക്കുന്നതിന് ഒരു തുകയും ഗുണഭോക്താക്കൾ നൽകേണ്ടതില്ല. പെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങൾക്ക് ഓരോ ഗുണഭോക്താവിനും 30 രൂപ ഇൻസെന്റീവ് ആയി സർക്കാർ അനുവദിക്കുന്നുണ്ട്.

അതിനാൽ, വിതരണക്കാർക്ക് ഗുണഭോക്താക്കൾ അധികമായി യാതൊരു തുകയും നൽകേണ്ടതില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചു.

## നടിമാർക്കെതിരായ അശ്ലീല പരാമർശം; യുട്യൂബർ ആറാട്ടണ്ണൻ കസ്റ്റഡിയിൽ

കൊച്ചി: നടിമാർക്കെതിരേ സമൂഹമാധ്യമത്തിലൂടെ അശ്ലീല പരാമർശം നടത്തിയെന്ന പരാതിയിൽ ആറാട്ടണ്ണൻ എന്ന യുട്യൂബർ സന്തോഷ് വർക്കി കസ്റ്റഡിയിൽ. ചലചിത്രപ്രവർത്തകർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് സന്തോഷിനെ കസ്റ്റഡിയിലെടുത്തത്.

സമൂഹമാധ്യമങ്ങളിലൂടെ നടിമാർക്കെതിരെ അശ്ലീല പരാമർശം നടത്തിയ യുട്യൂബർ സന്തോഷ് വർക്കിക്കെതിരേ ചലച്ചിത്ര പ്രവർത്തകരായ ഭാഗ്യലക്ഷ്മി, കുക്കു പരമേശ്വരൻ, നടി ഉഷ ഹസീന എന്നിവർ പരാതി നൽകിയിരുന്നു. കുക്കു പരമേശ്വരനും ഭാഗ്യലക്ഷ്മിയും പോലീസ് മേധാവിക്കും ഉഷ ഹസീന ആലപ്പുഴ ഡിവൈഎസ്പിക്കുമാണ് പരാതി നൽകിയത്.

നടിമാർക്കെതിരായ പരാമർശം സ്ത്രീത്വത്തെ അപമാനിക്കുന്നതാണെന്ന് ഉഷ ഹസീനയുടെ പരാതിയിൽ ചൂണ്ടിക്കാട്ടുന്നു. 40 വർഷത്തോളമായി സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന തന്നെ ആറാട്ടണ്ണന്റെ പരാമർശം വ്യക്തിപരമായി വേദനിപ്പിച്ചെന്നും പരാതിയിൽ പറയുന്നു.

നിരന്തരം സ്ത്രീകൾക്ക് എതിരെ അശ്ലീല പരാമർശം നടത്തുന്ന സന്തോഷ് വർക്കിക്കെതിരെ അധികൃതർ കർശന നടപടി സ്വീകരിക്കണമെന്നും ഉഷ ഹസീന ആവശ്യപ്പെട്ടു.

## ശില്പശാലയുടെ ഭാഗമായി സർക്കാരിന് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുഭരണ, വ്യവസായ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ മുഖ്യപ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂലാ തോമസ്, ബ്യൂറോ ഓഫ് പബ്ലിക് എന്റെർപ്രൈസസ് ഡയറക്ടർ മനോജ് എൻ കെ, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ ചെയർമാൻ അജിത് കുമാർ കെ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാനത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൊതുമേഖല കമ്പനികളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ഭരണതലത്തിൽ ആവശ്യമായ ആശയങ്ങൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് ശില്പശാല സംഘടിപ്പിച്ചത്. ശില്പശാലയിലെ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നയപരമായ മാറ്റങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന കരട് രേഖ സർക്കാരിന് സമർപ്പിക്കും

# ഭിന്നശേഷി ഉദ്യോഗാർഥികൾക്ക് അധ്യാപക നിയമന അവസരം

തിരുവനന്തപുരത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്കായി സംവരണം ചെയ്ത അധ്യാപക തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ വിഭാഗങ്ങളിലായി 7 ഒഴിവുകളുണ്ട്. താഴെ പറയുന്ന തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

എൽ.പി.എസ്.ടി (കാഴ്ചപരിമിതി 1, കേൾവി പരിമിതി - 1), യു.പി.എസ്.ടി (കേൾവി കുറവ് - 2), ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി (കാഴ്ചപരിമിതി - 1), എച്ച്.എസ്.ടി ഗണിതം (കേൾവി കുറവ് - 1), എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് (കാഴ്ച പരിമിതി - 1).യോഗ്യത : എച്ച്.എസ്.ടി ഗണിതം ഗണിതം / സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ ബിരുദം, ബിഎഡ് / ബി ടി പാസായിരിക്കണം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി പത്താം ക്ലാസ് പാസായിരിക്കണം. ഹിന്ദി വിഷയത്തിൽ ബിരുദം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം.എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് ടി. വിഷയത്തിൽ ബിരുദവും ബി.എഡ് / ബി ടി പാസായിരിക്കണം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

യു.പി.എസ്.ടി പത്താം ക്ലാസ് പാസായിരിക്കണം. ടി ടി സി, ഡി എഡ് അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡ് പാസായിരിക്കണം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

എൽ.പി.എസ്.ടി പത്താം ക്ലാസ് / പ്രീഡിഗ്രി / എച്ച്.എസ്.സി പാസായിരിക്കണം. ടിടിസി, ഡി.എഡ് / ഡി.എൽ.എഡ് പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

വയസ് 18-40 (ഭിന്നശേഷിക്കാർക്ക് നിയമാനുസൃത വയസിളവ്)

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മേയ് 2 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2462654.

# കുടുംബശ്രീ സംസ്ഥാനതല അവാർഡ് 2025 : ശിൽപ്പശാലയ്ക്ക് സമാപനം

തൃശ്ശൂർ : തൃശ്ശൂർ മുളങ്കുന്നത്ത്കാവ് കിലയിൽ ഏപ്രിൽ 21ന് ആരംഭിച്ച കുടുംബശ്രീ അവാർഡ് നിർണ്ണയ ശിൽപ്പശാല പരിസമാപിച്ചു. ഏപ്രിൽ 24 വരെ വിഷയാടിസ്ഥാനത്തിൽ രൂപീകരിച്ച ഉപസമിതികൾക്ക് മുന്നിൽ പ്രാഥമിക തെരഞ്ഞെടുപ്പിനായുള്ള മത്സരാർത്ഥികളുടെ അവതരണങ്ങളായിരുന്നു സംഘടിപ്പിച്ചത്. ഇന്നലെ അന്തിമ തെരഞ്ഞെടുപ്പും. കുടുംബശ്രീ ഗവേണിങ് ബോഡി അംഗം പി.കെ. സൈനബ,



തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ശ്യാം കുമാർ കെ.യു എന്നിവരുൾപ്പെട്ട പാനലാണ് അവസാനഘട്ട തെരഞ്ഞെടുപ്പ് നടത്തിയത്.

***കുടുംബശ്രീ ദിനമായ മേയ് 17ന് അവാർഡുകൾ വിതരണം ചെയ്യും***

ആകെ 17 വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്. മികച്ച അയൽക്കൂട്ടം, എ.ഡി.എസ്, ഊരു സമിതി, സംരംഭ ഗ്രൂപ്പ്, സംരംഭക, ബഡ്സ് സ്ഥാപനം, ജെൻഡർ റിസോഴ്സ് സെന്റർ, ഓക്സിലറി ഗ്രൂപ്പ്, ഓക്സിലറി സംരംഭം, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്ക്, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല, മികച്ച ജില്ലാ മിഷൻ എന്നീ പുരസ്ക്കാരങ്ങൾക്കൊപ്പം മികച്ച സി.ഡി.എസ് (സംയോജന പ്രവർത്തനം, തനത് പ്രവർത്തനം, ഭരണ നിർവ്വഹണം - സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ), മികച്ച സി.ഡി.എസ് (കാർഷികമേഖല, മൃഗസംരക്ഷണം), മികച്ച സി.ഡി.എസ് (സാമൂഹ്യ വികസനം, ജെൻഡർ), മികച്ച സി.ഡി.എസ് (ട്രൈബൽ പ്രവർത്തനം), മികച്ച സി.ഡി.എസ് (സൂക്ഷ്മ സംരംഭം, ഡി.ഡി.യു-ജി.കെ.വൈ, കെ-ഡിസ്ക്) എന്നിവയ്ക്കുള്ള പുരസ്കാരങ്ങളും നൽകും.

# പശുവിനെ മോഷ്ടിച്ച് കയ്യും കാലും മുറിച്ചെടുത്ത കേസിൽ പ്രതി പിടിയിൽ

പാലക്കാട്: മണ്ണാർക്കാട് പശുവിനെ മോഷ്ടിച്ച് കയ്യും കാലും മുറിച്ചെടുത്ത കേസിൽ പ്രതി പിടിയിൽ. തെങ്കര മെഴുകപാറ സ്വദേശി ശിവശങ്കരനെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.

ഒരുമാസം മുൻപ് ആയിരുന്നു സംഭവം നടന്നത്. പശുവിനെ കൊന്ന് കയ്യും കാലും മുറിച്ചെടുത്ത് കൊണ്ടുപോവുകയായിരുന്നു. രാത്രിയിൽ തൊഴുത്തിൽ നിന്ന് മോഷ്ടിച്ചു കൊണ്ടുപോയ പശുവിനെ അവിടെ വച്ച് തന്നെ കൊന്ന് ഇറച്ചി കൊണ്ട് പോയതാണെന്നാണ് കണ്ടെത്തൽ. മറ്റ് ശരീരാവശിഷ്ടങ്ങൾ കാട്ടിൽ ഉപേക്ഷിച്ച നിലയിലും കണ്ടെത്തിയിയിരുന്നു. വെറ്ററിനറി ഡോക്ടർ നടത്തിയ പരിശോധനയിൽ കുന്തംപോലെയുള്ള ആയുധം കൊണ്ട് കുത്തികൊന്ന ശേഷമാണ് കൈകാലുകൾ മുറിച്ചെടുത്തിരിക്കുന്നതെന്ന് കണ്ടെത്തിയിരുന്നു.